# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 ആഗസ്റ്റ് 10, വ്യാഴം

**നമ്പർ 83**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

സംസ്ഥാനത്ത് പനിയും മറ്റ് പകർച്ചവ്യാധികളും കാരണം നിരവധിപേർ മരിക്കുന്നതിനാലും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്തതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്നു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ

(1) റവന്യൂ രേഖകളുടെ അഭാവത്തിൽ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനും സംസ്ഥാനത്തെ കർഷകർ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. രാജൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എൻ. എ. നെല്ലിക്കുന്ന് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1194/2017(i).

**ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :**

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഞാറനീലി പെരിങ്ങമല പ്രദേശങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 6 പേരുടെ ആത്മഹത്യ | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എ. എൻ. ഷംസീർ | വിവിധ കേസുകളിൽപ്പെട്ട് തൊണ്ടിമുതലായി പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. സി. ജോസഫ് | ജിനേഷ്, മുഹമ്മദ് ബ്ലാത്തൂർ എന്നിവരെ മർദ്ദിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. അൻവർ സാദത്ത് | കൊച്ചി മെട്രോയുടെ യാത്രാ നിരക്ക് | മുഖ്യമന്ത്രി |
| 5 | ശ്രീ. കെ. കുഞ്ഞിരാമൻ | ഉദുമ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ-കൊപ്പൽ കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. റ്റി. വി. രാജേഷ് | പരിയാരം ഗവ.ആയുർവേദ കോളേജിൽ ഐ & ഇ.എൻ.ടി. വിഭാഗത്തിൽ പ്രത്യേക ആശുപത്രി ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. മുല്ലക്കര രത്നാകരൻ | കിടത്തി ചികിത്സയുള്ള സർക്കാർ ആശുപത്രികളിൽ സുസജ്ജമായ ലബോറട്ടറികൾ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. മഞ്ഞളാംകുഴി അലി | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. അബ്ദുറഹിമാൻ | താനൂർ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ച് പോളിടെക്നിക് സ്ഥാപനമോ സാങ്കേതിക കോഴ്സുകളോ ആരംഭിക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. അബ്ദു റബ്ബ് | എം.ജി.എൽ.സി. സ്കൂളുകളെ എൽ.പി.സ്കൂളുകളാക്കി ഉയർത്തുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയങ്ങൾ സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(3) 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്

(4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്.

<u>സ്പീക്കറുടെ പരാമർശം:</u>

മുൻദിവസം 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണിക്കുന്ന വേളയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭരണഘടനാ പദവിയെപ്പറ്റിയുള്ള ചെയറിന്റെ പരാമർശത്തെ സംബന്ധിച്ച് ശ്രീ. പി. സി. ജോർജ് നടത്തിയ വ്യാഖ്യാനത്തിലുള്ള അതൃപ്തി ചെയർ രേഖപ്പെടുത്തി.

<u>നിയമനിർമ്മാണ കാര്യം:</u>

1. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലും ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ശ്രീ. വി. ഡി. സതീശൻ ബില്ലിന്റെ അവതരണത്തിനെതിരെ തടസ്സവാദം ഉന്നയിച്ചു സംസാരിച്ചു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിനു ശേഷം ഉന്നയിക്കപ്പെട്ട തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്തു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. ആർ. രാജേഷും അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. ഡി. സതീശനും ശ്രീമതി ഗീതാഗോപി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയനും ചർച്ചയിൽ പങ്കെടുത്തു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ശ്രീ. ആർ. രാജേഷിന്റെ ഭേദഗതിയും അതിനനുസരിച്ച് ഭേദഗതി വരുത്തിയ പ്രമേയവും സഭ അംഗീകരിക്കുകയും ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-XII-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ 2017-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ബില്ലും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്നും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. എ. പി. അനിൽ കുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഹൈബി ഈഡനും അവതരിപ്പിച്ചു സംസാരിച്ചു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ മറുപടിക്ക് ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയച്ചു.

2017 ആഗസ്റ്റ് 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.13 - ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Seventh Session**

# BULLETIN—PART I

( Brief Record of Proceedings )

*Thursday, August 10, 2017*

**No. 83**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Five questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Health and Social Justice, and the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and two other Members regarding the serious situation reported to have arisen in the state due to the frequent deaths caused by fever and other epidemics and the ineffective preventive measures.

In protest against the attitude of the Government in this matter the Members belonging to the opposition staged a walk-out.

*Calling Attention:*

(1) Shri K. Rajan called the attention of the Minister for Agriculture to the necessity to solve the difficulties reportedly being faced by farmers in the State to get compensation for crop damages and to get membership in Crop Insurance Scheme, for want of revenue documents. The Minister made a statement thereto.

(2) Shri N. A. Nellikkunnu called attention of the Chief Minister to the necessity to effectively implement the Kerala State Right to Service Act, 2012 in the State. The Minister made a statement thereto.

KNPP. 1194/2017(ii).

*The Matters raised under Rule 304 :*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഞാറനീലി പെരിങ്ങമല പ്രദേശങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 6 പേരുടെ ആത്മഹത്യ | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എ. എൻ. ഷംസീർ | വിവിധ കേസുകളിൽപ്പെട്ട് തൊണ്ടിമുതലായി പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. സി. ജോസഫ് | ജിനേഷ്, മുഹമ്മദ് ബ്ലാത്തൂർ എന്നിവരെ മർദ്ദിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. അൻവർ സാദത്ത് | കൊച്ചി മെട്രോയുടെ യാത്രാ നിരക്ക് | മുഖ്യമന്ത്രി |
| 5 | ശ്രീ. കെ. കുഞ്ഞിരാമൻ | ഉദുമ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ-കൊപ്പൽ കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. റ്റി. വി. രാജേഷ് | പരിയാരം ഗവ.ആയുർവേദ കോളേജിൽ ഐ & ഇ.എൻ.ടി. വിഭാഗത്തിൽ പ്രത്യേക ആശുപത്രി ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. മുല്ലക്കര രത്നാകരൻ | കിടത്തി ചികിത്സയുള്ള സർക്കാർ ആശുപത്രികളിൽ സുസജ്ജമായ ലബോറട്ടറികൾ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. മഞ്ഞളാംകുഴി അലി | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. അബ്ദുറഹിമാൻ | താനൂർ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ച് പോളിടെക്നിക് സ്ഥാപനമോ സാങ്കേതിക കോഴ്സുകളോ ആരംഭിക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. അബ്ദു റബ്ബ് | എം.ജി.എൽ.സി. സ്കൂളുകളെ എൽ.പി.സ്കൂളുകളാക്കി ഉയർത്തുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statement on the respective subject.

*Presentation of Reports:*

The following Reports were presented:

1. The Report of the Subject Committee V on the Kerala Motor Vehicles Taxation ( Amendment ) Bill, 2017.
2. The Periodical Report of the Subject Committee VIII for the year ended March 31, 2017.
3. The Report of the Subject Committee XII on the Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Bill, 2017.
4. The Ninth Report of the Committee on Private Members' Bills and Resolutions.

*Reference by the Speaker:*

The Speaker expressed his displeasure on the interpretation made by Shri P. C. George on a reference made by the Chair regarding the constitutional status of the Kerala Public Service Commission, while considering the Kerala Public Service Commission (Additional Functions as respects the Services under the Kerala Administrative Tribunal) Bill,2017 on the previous day.

*Legislative Business:*

1. Smt. K. K. Shailaja Teacher, Minister for Health and Social Justice introduced the Kerala Clinical Establishments (Registration and Regulation) Bill, 2017. Shri V. D. Satheesan raised objections against the introduction of the Bill. After the reply by the Minister the Chair ruled that the objection raised was not withstanding. The Minister moved that the Bill be referred to a Select Committee. Shri Thiruvanchoor Radhakrishnan moved an amendment to circulate the Bill for eliciting public opinion and Shri R. Rajesh moved another amendment for referring the Bill to the Subject Committee and spoke. Shri V. D. Satheesan as authorised by Shri P. T. Thomas, Shri E. K. Vijayan as authorised by Smt. Geetha Gopi also took part in the discussion.

After the reply by the Minister the amendment moved by Shri Thiruvanchoor Radhakrishnan was withdrawn by the leave of the House. The amendment moved by Shri R. Rajesh was accepted by the Minister and the motion as amended was adopted by the House and the Bill was referred to Subject Committee XII-Health and Family Welfare.

2. Smt. J. Mercykutty Amma Minister for Fisheries, Harbour Engineering and Cashew Industry introduced the Kerala Marine Fishing Regulation (Amendment) Bill, 2017 and moved that the Bill be referred to Subject Committee. Shri N. A. Nellikkunnu as authorised by Shri Manjalamkuzhi Ali moved an amendment to circulate the Bill for eliciting public opinion and Shri Hibi Eden as authorised by Shri A. P. Anil Kumar moved another amendment for referring the Bill to a Select Committee.

After the reply by the Minister the amendments moved were withdrawn by the leave of the house. The Bill was then referred to Subject Committee I Agriculture, Animal Husbandry and Fisheries.

The House adjourned at 4.13.p.m. to meet again at 8.30 a.m. on Friday, August 11, 2017.

V. K. BABU PRAKASH,
*Secretary.*